# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1611 — 02.07.2015-ൽ മറുപടിയ്ക്ക്

### ത്രിതല പഞ്ചായത്തുകളുടെ വിഭജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
| എ) | ത്രിതല പഞ്ചായത്തുകളുടെ വിഭജനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിക്കുകയോ വിജ്ഞാപനം ചെയ്യുകയോ ചെയ്തിട്ടുണ്ടോ; | എ) | പുതിയ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വിഭജനവുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം നൽകി 27.11.2014-ലെ സ.ഉ. (സാധാ) 3113/2014/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | എന്തു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ വിവിധ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ചിട്ടുള്ളത്; | ബി) | ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിലാണ് വിവിധ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ചിട്ടുള്ളത്. |
| സി) | പഞ്ചായത്തു വിഭജനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസ്ഥാനത്തെ പ്രമുഖ രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്തിട്ടുണ്ടോ; | സി) | കേരള പഞ്ചായത്ത് രാജ് നിയമം (4)-ാം വകുപ്പ് പ്രകാരം പഞ്ചായത്തു വിഭജനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്യണമെന്ന് വ്യവസ്ഥയില്ല. |
| ഡി) | വിവിധ പഞ്ചായത്തുകളുടെ വിഭജനത്തോട് എതിർപ്പ പ്രകടിപ്പിച്ചു കൊണ്ട് ജനപ്രതിനിധികളും പഞ്ചായത്ത് ഭരണ സമിതികളും സമർപ്പിച്ച പരാതികൾ പരിശോധിക്കുവാനും ഇവരുമായി ചർച്ച ചെയ്യുവാനും നടപടി സ്വീകരിക്കുകയുണ്ടായോ; | ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | അത്തരത്തിൽ ചർച്ചകൾക്കൊന്നും തയ്യാറാകാതെ പഞ്ചായത്ത് വിഭജനം സംബന്ധിച്ച നിലപാട് എങ്ങനെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | ഇ). | ബാധകമല്ല. |

സെക്ഷൻ ഓഫീസർ